പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3283 | 14.10.2011 ൽ മറുപടിയ്ക്ക്

## കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ നിന്നും വാങ്ങിയ ഇലക്ട്രിക്കൽ മീറ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരന്റെ കാലത്ത് വൈദ്യുതി ബോർഡ് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ നിന്നു ഓരോ ഇനത്തിലും എത്ര ഇലക്ട്രിക്കൽ മീറ്ററുകൾ വാങ്ങി ; | (എ) മുൻ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡ് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനിയിൽ നിന്നു വാങ്ങിയ വിവിധ ഇനം മീറ്ററുകളുടെ വിശദവിവരം താഴെ കൊടുക്കുന്നു.<br>സിംഗിൾ ഫേസ് ഇലക്ട്രോണിക് കൗണ്ടർ ടൈപ്പ് മീറ്ററുകൾ — 2285375 എണ്ണം<br>സിംഗിൾ ഫേസ് ഇലക്ട്രോണിക് എൽ.സി.ഡി.മീറ്ററുകൾ — 1,85,000 എണ്ണം<br>ത്രീ ഫേസ് ഇലക്ട്രോണിക് കൗണ്ടർ ടൈപ്പ് മീറ്ററുകൾ — 40,000 എണ്ണം<br>ത്രീ ഫേസ് ഇലക്ട്രോണിക് എൽ.സി.ഡി. മീറ്ററുകൾ — 500 എണ്ണം<br>ആകെ മീറ്ററുകൾ — 25,10,875 എണ്ണം |
| (ബി) ഓരോ മീറ്ററിനും നിശ്ചിത വില എന്തായിരുന്നു ; | (ബി) സിംഗിൾ ഫേസ് ഇലക്ട്രോണിക് കൗണ്ടർ മീറ്റർ വിവിധ പർച്ചേസ് ഓർഡറുകളിലായി 325 രൂപ, 319.30 രൂപ, 295.43 രൂപ, 284.86 രൂപ, 279.58 രൂപ എന്നീ നിരക്കുകളിൽ വാങ്ങിയിട്ടുണ്ട്.<br>സിംഗിൾ ഫേസ് എൽ.സി.ഡി. മീറ്ററുകൾ 653 രൂപയ്ക്കും ത്രീ ഫേസ് |

(-----2)

| | | | |
|---|---|---|---|
| | | | ഇലക്ട്രോണിക് കൗണ്ടർ മീറ്റർ 710 രൂപ, 645.36 രൂപ നിരക്കിലും ത്രീ ഫേസ് ഇലക്ട്രോണിക് എൽ.സി.ഡി മീറ്റർ 1790 രൂപയ്ക്കും വാങ്ങിയിട്ടുണ്ട്. |
| (സി) | ഇതിന് ബോർഡ് നൽകിയ തുക എത്രയെന്ന് വിശദമാക്കുമോ ; | (സി) | ബോർഡ് നൽകിയ ആകെ തുക 68.88,28,547/- രൂപ |
| (ഡി) | കമ്പനി നൽകിയ മീറ്ററിൽ കേടായതും റിജക്ട് ചെയ്തതും ആയവ എത്ര എണ്ണം ഉണ്ടായിരുന്നു ; | (ഡി) & (ഇ) | കമ്പനി നൽകിയ മീറ്ററിൽ 174.641 എണ്ണം റിജക്ട് ചെയ്തു. ഇതിൽ 134.601 എണ്ണം മീറ്റർ മടക്കി നല്കി. ഗ്യാരന്റി കാലാവധിയിൽ 537,647 മീറ്ററുകൾ കേടായതിൽ 231,966 മീറ്ററുകൾ മടക്കി നല്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | ഓരോതവണയും മടക്കിക്കൊടുത്ത മീറ്ററുകളിൽ എത്ര എണ്ണം തിരികെ തന്നിട്ടുണ്ട് ; | | |
| (എഫ്) | ബോർഡിനും ഉപഭോക്താക്കൾക്കും നഷ്ടം വരുത്തിയ പർച്ചേസ് ഇടപാടിനെക്കുറിച്ച് അന്വേഷണം നടത്തുമോ ; | (എഫ്) | പ്രസ്തുത പർച്ചേസ് ഓർഡറുകൾ പ്രകാരം കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനി നൽകിയ മീറ്ററുകളിൽ റിജക്ട് ചെയ്തവയും ഗ്യാരന്റി കാലാവധിയിൽ കേടായവയും കമ്പനിയുടെ ചെലവിൽ മാറ്റി നൽകാൻ പർച്ചേസ് ഓർഡറിൽ വ്യവസ്ഥ ഉള്ളതിനാൽ ഇവ കമ്പനി മാറ്റി നൽകിവരുന്നു. |
| (ജി) | ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ ലേബലിൽ അന്യസംസ്ഥാനത്തെ സ്വകാര്യ കമ്പനിയിൽ നിന്ന് വാങ്ങിയ മീറ്ററുകളാണ് വിതരണം ചെയ്തത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് അന്വേഷണ വിധേയമാക്കുമോ ? | (ജി) | ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ